ബീയർ പാർലറുകൾ

34 [2500] ശ്രീ. ബിനോയ് വിശ്വം :
,, എം. കുമാരൻ :
,, എൻ. രാജൻ :
,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ബീയർ പാർലറുകൾ അനുവദിക്കാറുണ്ടോ;

(ബി) ബീയർ പാർലറുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാം;

(സി) പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത പാർലറുകളുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാത്രമായി ഇപ്പോൾ എത്ര ബീയർ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ഇ) കോവളം ടൂറിസ്റ്റ് കേന്ദ്രത്തിൽ എത്ര ബീയർ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്; നിബന്ധനകൾ പാലിക്കാത്തതും നിയമവിധേയമല്ലാത്തതുമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പാർലറുകളുണ്ടോ; ഉണ്ടെങ്കിൽ അത്തരം പാർലറുകൾക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ദൂരപരിധിയും നിബന്ധനകളും ലംഘിച്ചിട്ടുള്ളവയെ കണ്ടുപിടിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ബീയർ പാർലറുകൾ, സർക്കാർ ഉത്തരവ് നം. 184/2003/നി. വ. തീയതി 20-11-2003-ൽ പറഞ്ഞിട്ടുള്ള ടൂറിസ്റ്റ് സെന്ററുകളുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ഉള്ളതായിരിക്കണം. ഉദ്ദേശിക്കുന്ന കെട്ടിടം നിയമാനുസരണമുള്ള ദൂരപരിധിയുള്ള സ്ഥലത്തായിരിക്കണം. കൂടാതെ അപേക്ഷകൻ അബ്കാരി കേസുകളിലോ ക്രിമിനൽ കേസുകളിലോ പ്രതിയാവുകയോ ശിക്ഷിക്കപ്പെടാനോ പാടില്ല. അപേക്ഷകന് അബ്കാരി കുടിശ്ശിക ഉണ്ടാവരുത്. അപേക്ഷകൻ സാമ്പത്തിക സ്ഥിതി ഉള്ള ആളും കെട്ടിടം മൂന്ന് നക്ഷത്ര സൗകര്യത്തോടുകൂടിയോ അതിൽ കൂടിയ സൗകര്യത്തോടുകൂടിയതോ ഹെറിറ്റേജ് കാറ്റഗറിയിൽപ്പെട്ടതോ റിസോർട്ട് ഹോട്ടലോ ക്ലാസിഫൈഡ് റെസ്റ്റോറന്റോ ആയിരിക്കണം. കൂടാതെ കെ.റ്റി.ഡി.സി., ഐ.റ്റി.ഡി.സി. എന്നിവയുടെ ഹോട്ടൽ, മോട്ടൽ റെസ്റ്റോറന്റ് എന്നിവയ്ക്കും ബീയർ പാർലർ ലൈസൻസ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) 25 എണ്ണം

(ഇ) കോവളം ടൂറിസ്റ്റ് കേന്ദ്രത്തിൽ അഞ്ച് ബീയർ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്. നിബന്ധനകൾ പാലിക്കാത്ത ബീയർ പാർലറുകൾ ഇല്ല.

(എഫ്) മേൽ വിവരിച്ച സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

തമിഴ്നാടിന് സൗജന്യമായി ജലം കൊടുക്കുന്ന നടപടി

35 [2504] ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാടിന് കരാർ വഴിയല്ലാതെ എവിടെനിന്നെല്ലാം സംസ്ഥാനം സൗജന്യമായി ജലം നല്കുന്നുണ്ട്;

(ബി) എന്തടിസ്ഥാനത്തിലാണ് ഇപ്രകാരം കരാർ കൂടാതെ തമിഴ്നാടിന് സൗജന്യമായി വെള്ളം കൊടുക്കുന്നത്;

(സി) ഏത് ഉത്തരവനുസരിച്ചാണ് ഇപ്രകാരം സൗജന്യമായി തമിഴ്നാടിന് വെള്ളം കൊടുക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഗവൺമെന്റിന്റെ അറിവോടും സമ്മതത്തോടും കൂടിയാണോ ഇപ്രകാരം സൗജന്യമായി തമിഴ്നാടിന് വെള്ളം നല്കുന്നത്;

(ഇ) പ്രതിവർഷം എത്ര വെള്ളം ഇപ്രകാരം സൗജന്യമായി നല്കുന്നു എന്നും ഈ സൗജന്യ ഏർപ്പാട് നിർത്തലാക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാർ ഇല്ലാതെ തമിഴ്നാടിന് കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിലെ കൃഷി ആവശ്യത്തിനായി നെയ്യാർ ജലസേചന പദ്ധതിയിൽ നിന്ന് ജലം നല്കുന്നുണ്ട്.

(ബി & സി) 1951-ൽ നിർമ്മാണം ആരംഭിച്ച നെയ്യാർ പ്രോജക്ടിന്റെ ചില ഭാഗങ്ങൾ കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിൽ ഉൾപ്പെടുകയും പ്രസ്തുത ഭാഗം 1956-ലെ സംസ്ഥാനങ്ങളുടെ പുനഃസംഘടനയ്ക്ക് ശേഷം തമിഴ്നാടിന്റെ അധീനതയിലാവുകയും ചെയ്തു. കേരള സംസ്ഥാനത്തിന്റെ പുനഃസംഘടനയ്ക്ക് ശേഷവും വിളവംകോട് താലൂക്കിലെ കൃഷി ആവശ്യത്തിനായി ഒരു ധാരണയുടെ അടിസ്ഥാനത്തിൽ നെയ്യാർ ജലസേചന പദ്ധതിയിൽ നിന്ന് തമിഴ്നാടിന് ജലം നല്കി വരുന്നുണ്ട്. പ്രത്യേകിച്ച് ഉത്തരവുകളൊന്നും ഇത് സംബന്ധിച്ച് നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly